ആർകെവിവൈ പദ്ധതി മുഖേന, 2000 ഹെക്ടർ സ്ഥലത്ത് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിന് വിത്ത്, ജൈവവളം, ജൈവ കീടനാശിനി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കായി ഹെക്ടർ ഒന്നിന് 15,000 രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ മുഖേന ഏകദേശം 5000 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്യുക വഴി ഒരു ലക്ഷം ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. ഇതിനുപുറമേ അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. വനിതാ ഗ്രൂപ്പുകൾ മുഖേനയുള്ള പച്ചക്കറി കൃഷി വനിതകൾക്ക് അധിക വരുമാനം നല്കുന്നു. നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക വഴി വിഷാംശമില്ലാത്ത പച്ചക്കറികൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. യുവതലമുറയ്ക്ക് കൃഷിയോട് ആഭിമുഖ്യം വളർത്താനും ഈ പദ്ധതികൾ സഹായകരമാണ്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം ഗുണമേന്മയും അത്യുൽപ്പാദന ശേഷിയുമുള്ള വിത്തിനങ്ങൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. പരിശീലന പരിപാടികൾ, പഠന യാത്രകൾ, പങ്കാളിത്ത ഗവേഷണം, മാതൃകാതോട്ടങ്ങൾ, ശീതകാല പച്ചക്കറി കൃഷി, പ്രിസിഷൻ ഫാമിംഗ് എന്നീ പദ്ധതികളിലൂടെ പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കാൻ കൗൺസിൽ പരിശ്രമിച്ച് വരുന്നു. കൂടാതെ വിപണനം, കാർഷിക വായ്പ, വിള ഇൻഷ്വറൻസ് പരിരക്ഷ എന്നീ കാര്യങ്ങളിലും കൗൺസിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്.

(സി) "ഹരിതശ്രീ" എന്ന പേരിൽ കൃഷി വകുപ്പ് ഇപ്പോൾ പച്ചക്കറി വികസന പരിപാടി നടപ്പിലാക്കുന്നില്ല.

(ഡി) മെച്ചപ്പെട്ട പച്ചക്കറികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഹോർട്ടി കോർപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) കൃഷി വകുപ്പ് മുഖേന കർഷകർക്ക് വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഹോർട്ടികോർപ്പ്, വിഎഫ്പിസികെ എന്നീ ഏജൻസികളാണ് കർഷകരിൽ നിന്നും ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നത്. അവയുടെ പ്രവർത്തനം വിപുലീകരിക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

ജനിതകമാറ്റം വരുത്തിയ വിളകൾ

215 (1182) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനിതകമാറ്റം വരുത്തിയ വിളകളുടെ കാര്യത്തിൽ കൃഷി വകുപ്പിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ബി) ജനിതകമാറ്റം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ജനിതകമാറ്റം വരുത്തിയ വിളകൾ സംസ്ഥാനത്ത് കൃഷി ചെയ്യണ്ടതില്ല എന്നതാണ് കൃഷി വകുപ്പിന്റെ നിലപാട്.

(ബി) പഠനങ്ങൾ നടത്തിയിട്ടില്ല. വിദഗ്ദ്ധരുമായി ചർച്ചകൾ സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly